**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4298** — **01-07-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാളിതുവരെ എത്ര പദ്ധതികൾക്കാണ് കിഫ്ബി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നാളിതുവരെ 86,143.49 കോടി രൂപയുടെ 1110 പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്. |
| (ബി) | ഇതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | നാളിതുവരെ 29100 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബിയ്ക്ക് ഏതൊക്കെ സ്രോതസ്സുകളിലൂടെയാണ് പണം സ്വരൂപിച്ച ലഭിക്കുന്നതെന്ന് വിശദമാക്കാമോ; നാളിതുവരെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കാമോ; | (സി) | വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽ നിന്നുള്ള ലോണുകൾ മുഖേനയും, ആഭ്യന്തര വിപണിയിൽ നിന്നുള്ള ബോണ്ടുകൾ മുഖേനയുമാണ് പ്രധാനമായും കിഫ്ബി ധനസമാഹരണം നടത്തി വരുന്നത്. കൂടാതെ കെ.എസ്.എഫ്.ഇയുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബിയുടെ ഡിവിഡന്റ് സ്കീം എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്. കൂടാതെ കിഫ്ബി ധനസഹായം നൽകിയിട്ടുള്ള വരുമാനദായകമായ പദ്ധതികളിൽ നിന്നും തിരിച്ചടവ് ഇനത്തിൽ ലഭിക്കുന്ന തുകയും കിഫ്ബി പ്രയോജനപ്പെടുത്തിവരുന്നു.ഇതിനു പുറമെ കിഫ് ആക്റ്റിൽ വിവക്ഷിക്കുന്ന പ്രകാരം സർക്കാരിൽ നിന്നും ആന്വിറ്റി വിഹിതം (വാഹന നികുതിയുടെ വിഹിതം, പെട്രോളിയം സെസ്സിൽ നിന്നുള്ള വിഹിതം) മുഖേനയും ധനസമാഹരണം നടത്തിവരുന്നു.<br><br>നാളിതുവരെ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ, ബോണ്ടുകൾ, കെ എസ് എഫ് ഇ പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബി എന്നിവയിലൂടെ 24665.34 കോടി രൂപയും, കിഫ്ബി മുഖേന നടപ്പിലാക്കുന്ന വരുമാനദായകമായ പദ്ധതികളുടെ തിരിച്ചടവ് മുഖേന 1329.09 കോടി രൂപയും, സർക്കാരിൽ നിന്നുള്ള ആന്വിറ്റി വിഹിതമായി 16814.63 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സാമ്പത്തിക പ്രതിസന്ധിമൂലം കിഫ്ബി പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ? | (ഡി) | സാമ്പത്തിക പ്രതിസന്ധിമൂലം പ്രവർത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമൊന്നും കിഫ്ബിയിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ